A

612

# സമഗ്രശിക്ഷാ കേരളം
## പാദവാർഷിക മൂല്യനിർണ്ണയം 2023-2024
## മലയാളം
## അടിസ്ഥാന പാഠാവലി

**ക്ലാസ് : 6** **സമയം: 2 മണിക്കൂർ**

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. രണ്ടു മുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

**അച്ഛനും അമ്മയും**

അമ്മതൻ മാറത്തുപറ്റിക്കിടക്കുമ്പോ-
ളാശ്വാസത്തിന്നതിരില്ല
അച്ഛന്റെ മടിയിലിരിക്കുംനേര-
ത്തഭിമാനത്തിന്നളവില്ല.

അന്തിക്കു പൂനിലാവുണ്ടായിത്തീരുന്ന -
തമ്മിഞ്ഞപ്പാലിൽനിന്നാണല്ലോ
അന്തിക്കു മാനത്തുമിന്നുന്ന നക്ഷത്ര-
മമ്മതൻ കണ്ണുനീരാണല്ലോ.

പുലർകാലത്തിളവെയിലൂറുന്നതച്ഛന്റെ
പുഞ്ചിരിയിങ്കൽനിന്നാണല്ലോ
ഉച്ചയ്ക്കാ വെയിലിന്നു ചൂടുണ്ടായ്ത്തീരുന്ന-
തച്ഛന്റെ ചിന്തകൊണ്ടാണല്ലോ.

അക്കിത്തം

എ. അച്ഛന്റെ മടിയിലിരിക്കുമ്പോൾ കുട്ടി അളവില്ലാതെ അനുഭവിക്കുന്നതെന്താണ്?
- സങ്കടം
- സന്തോഷം
- അഭിമാനം

ബി. അന്തിക്കു മാനത്തു മിന്നുന്ന നക്ഷത്രങ്ങളെ കവി എന്തായി സങ്കൽപ്പിക്കുന്നു?
- അമ്മിഞ്ഞപ്പാൽ ✓
- അച്ഛന്റെ സ്നേഹം
- അമ്മയുടെ കണ്ണീർ

സി. 'പുലർകാലത്തിളവെയിൽ' ഊറുന്നത് എവിടെ നിന്നാണ്?

- അമ്മയുടെ കണ്ണീരിൽ നിന്ന്
- അച്ഛന്റെ പുഞ്ചിരിയിൽ നിന്ന്
- കുട്ടിയുടെ അഭിമാനത്തിൽ നിന്ന്

ഡി. മാതൃകപോലെ എഴുതുക

പറ്റിക്കിടക്കുമ്പോൾ - പറ്റി + കിടക്കുമ്പോൾ

അമ്മിഞ്ഞപ്പാൽ - . അമ്മിഞ്ഞ + പാൽ

(അമ്മിഞ്ഞ + പാൽ, അമ്മിഞ്ഞ + പ്പാൽ, അമ്മി + പാൽ)

ഇ. 'സന്ധ്യ' എന്നർത്ഥം വരുന്ന ഏതു പദമാണ് കവിതയിലുള്ളത് ?

(മാനം, അന്തി, ചിന്ത)

പ്രവർത്തനം 2 (എ) വിശകലനക്കുറിപ്പ്

**സമൂഹത്തിന് മാതൃകയായി ശ്രീഹരിയുടെ ജന്മദിനം**

കരുനാഗപ്പള്ളി : നന്മമരം പടവുകൾ ബാലവേദി സംസ്ഥാന കോ - ഓർഡിനേറ്റർ എം.എസ്.ശ്രീഹരിയുടെ ജന്മദിനം പ്രദേശത്തെ ഇരുപതോളം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വൃക്ഷത്തെ നട്ടുകൊണ്ടു ആചരിച്ചു. കഴിഞ്ഞ വർഷവും സഹപാഠികൾക്കു വൃക്ഷത്തെ നൽകിക്കൊണ്ടു മാതൃക സൃഷ്ടിച്ച ആളാണ് എം.എസ്.ശ്രീഹരി.

**കൃഷിയിടത്തിലെ ആദിത്യൻ**

*പന്ത്രണ്ടാം വയസ്സിൽ വിത മുതൽ വളമെറിയൽ വരെ*

കൊല്ലംകോട് : ഭാവിയിൽ ആരാകാനാണ് ഇഷ്ടം എന്ന കുട്ടികളോടുള്ള ചോദ്യത്തിന് ഈ പന്ത്രണ്ടുകാരന് ഒറ്റ ഉത്തരമേയുള്ളു. മണ്ണിനെയറിയുന്ന കർഷകനാകണം. പാടത്തും ചെളിയിലുമിറങ്ങാൻ പുതിയ തലമുറ മടിക്കുന്ന കാലത്താണ് കൊല്ലങ്കോട് ആണ്ടികൊളുമ്പിലെ ആദിത്യൻ എന്ന എട്ടാം ക്ലാസുകാരൻ സമ്മിശ്രകൃഷിരംഗത്ത് മാതൃകയായി മുന്നോട്ടു പോകുന്നത്.

കേരളത്തിലെ രണ്ടു ജില്ലകളിലെ സ്കൂൾ വിദ്യാർത്ഥികളുടെ കാർഷിക സ്നേഹത്തിന്റെ നേർസാക്ഷ്യങ്ങളായ പത്രവാർത്തകളാണിത്.

"തേങ്ങ മുഴുവൻ പെറുക്കി അകത്തിട്ടിരിക്ക്ണു! പെണ്ണിന്റെ ഒരു പ്രാന്ത്"

('തേങ്ങ' എന്ന കഥയിലെ സംഗീത പറഞ്ഞത്)

സംഗീത, അക്കമ്മ, ആദിത്യൻ, ശ്രീഹരി എന്നിവരുടെ നിലപാടുകൾ വിലയിരുത്തി കൃഷിയോടുള്ള പുതുതലമുറയുടെ സമീപനം വിശകലനം ചെയ്ത് കുറിപ്പെഴുതുക.

ബി. മഴ നനഞ്ഞു കിടന്ന ഉണക്കത്തേങ്ങകളെ എങ്ങനെയാണ് വിശേഷിപ്പിച്ചിട്ടുള്ളത്.

(ഉരുളൻ പാറകളെപ്പോലെ, അനാഥക്കുഞ്ഞുങ്ങളെപ്പോലെ, കാക്കപ്പൊന്നുപോലെ)

**പ്രവർത്തനം 3 - വർണ്ണന**

“മാനും മുയലും ഉറങ്ങീ, കാടും
ആറും കടലുമടങ്ങീ
പായലിൽ മീൻ മിഴിപൂട്ടീ നീല
ക്കായലിൻ സ്വപ്നമായ് സൂര്യൻ
പക്ഷിയും പാട്ടും മടങ്ങീ കൂട്ടിൽ....”

‘വേഗമുറങ്ങൂ’ എന്ന കവിതയിലെ ഈ വരികൾ പരിചിതമാണല്ലോ. രാത്രിയെക്കുറിച്ചുള്ള വർണ്ണനയാണ് ഈ വരികളിലുള്ളത്. നിലാവും കാറ്റും നേർത്ത മഞ്ഞുമുള്ള രാത്രികളെ നിങ്ങൾക്കും പരിചയമുണ്ടാകുമല്ലോ. ഒരു രാത്രി വർണ്ണന തയ്യാറാക്കുക.

ബി. മീൻ മിഴിപൂട്ടിയതെവിടെ?
(കടലിൽ, പായലിൽ, കായലിൽ)

**പ്രവർത്തനം 4 - ആസ്വാദനക്കുറിപ്പ്**

**തെങ്ങ്**

കാറ്റത്തിളകും മടലുകളും
കാച്ചു തഴയ്ക്കും കുലകളുമായ്
നമ്മുടെ തോട്ടത്തിൽ നിന്നിടുന്നു
നല്ലൊരു തെങ്ങുകളൊട്ടനേകം
പാരിന്നഴകും നിഴലുമേകി -
പ്പാരമിത്തെങ്ങു വിളങ്ങിടുന്നു!
തന്നുടമസ്ഥനു വേണ്ടിയെല്ലാം
തൻതലമേൽത്താങ്ങി നിന്നിടുന്നു!
വേനൽക്കും മഞ്ഞിനും ഭേദമില്ല!
വേറിട്ടൊരൊറ്റ നിനവുമില്ല!
അച്ഛനുമമ്മയും ബാല്യകാല -
ത്തല്പം ജലമിതിന്നേകിപോലും;
ആ നന്ദിമൂലമവർക്കിതിപ്പോ-
ളാശിച്ചതൊക്കെയും നൽകിടുന്നു.

ഉള്ളൂർ എസ്. പരമേശ്വരയ്യർ

‘തേങ്ങ’ എന്ന പാഠം നിങ്ങൾ ഹൃദയത്തിൽ സ്വീകരിച്ചിട്ടുണ്ടല്ലോ. കേരളത്തിന്റെ സ്വന്തം കല്പവൃക്ഷത്തെ ഒരു കുട്ടിയുടെ മനസ്സോടെ നോക്കിക്കാണുകയാണ് ഇവിടെ ഉള്ളൂർ. കവിതയുടെ ആശയം ഉൾക്കൊണ്ടു പ്രയോഗഭംഗി, ഭാഷാസവിശേഷതകൾ, സ്വന്തം നിരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 5 - സംഭാഷണം**

"അപ്പോൾ അതാ ഒരു മഹാത്ഭുതം! തുറന്നു കിടന്ന ജാലകത്തിലൂടെ ആരാണ് കയറി വരുന്നത്! കിളിയല്ല, കാറ്റല്ല, മഴയല്ല, വെളുവെളുത്ത ഒരു കുഞ്ഞുമേഘം! ഞാൻ അമ്പരന്നു വായ്പൊളിച്ചു നിന്നു പോയി. ഒരു മേഘമിതാ എന്റ മുറിക്കുള്ളിൽ! കറങ്ങി നടക്കുന്നു, ഉയരുന്നു, താഴുന്നു, ചുവരുകളിൽ മുട്ടി മടങ്ങുന്നു. ചുറ്റി ഒഴുകുന്നു! അത്യാഹ്ലാദത്തോടെ ഞാൻ കൈകൊട്ടിച്ചിരിച്ചുപോയി".

(സുഗതകുമാരി - മേഘം വന്നു തൊട്ടപ്പോൾ)

മുറിക്കുള്ളിൽ അപ്രതീക്ഷിതമായി കടന്നുവന്ന അതിഥിയെ കണ്ടു കവിക്കുണ്ടായ അത്ഭുതവും ആഹ്ലാദവും കണ്ടില്ലേ! ആ കുഞ്ഞുമേഘം എന്തിനാവാം അവിടേക്കുവന്നത്? അങ്ങനെയൊരു കുഞ്ഞുമേഘം നിങ്ങളുടെ അരികിലേക്കു വന്നാലോ? നിങ്ങൾ എന്തൊക്കെ വിശേഷങ്ങൾ ചോദിച്ചറിയും?

മേഘവും നിങ്ങളും തമ്മിൽ നടന്നേക്കാവുന്ന സംഭാഷണം തയ്യാറാക്കുക.

(കുറഞ്ഞത് ആറു സംഭാഷണങ്ങൾ എഴുതണം)

**പ്രവർത്തനം 6 - ലഘുകുറിപ്പ്**

"ഗീതമോളോടിയെത്തിക്കഴുത്തിൽ
താമരത്തണ്ടെറിഞ്ഞു കുനിച്ചു
നെറ്റിയിൽ നീറി നിൽക്കുമഴുക്കി-
ന്നിറ്റുകൾ കുഞ്ഞിച്ചുണ്ടാൽ തുടപ്പൂ."

ഊഞ്ഞാൽപ്പാട്ട്

കുടുംബബന്ധങ്ങളുടെ ആഴവും സ്നേഹവും വെളിവാക്കുന്ന ഈ വരികൾ നിങ്ങൾക്കറിയാം. ഇന്ന് ഇതുപോലെ ഇഴയടുപ്പമുള്ള ബന്ധങ്ങൾ കുടുംബങ്ങളിൽ നിലനിൽക്കുന്നുണ്ടോ? അച്ഛനും അമ്മയും മക്കളുമൊക്കെ അവരവരുടേതായ ലോകങ്ങളിൽ ഒറ്റപ്പെടുകയാണോ? എന്താണ് നിങ്ങളുടെ അഭിപ്രായം. 'കുടുംബത്തിലെ പരസ്പര സ്നേഹം' എന്ന വിഷയത്തിൽ ലഘുക്കുറിപ്പ് തയ്യാറാക്കുക.